JANAYUGOM 01.01.2018

# 'വൈഗ' സാധ്യതകളുടെ വാതായനം തുറന്നു: സ്പീക്കർ

മണ്ണുത്തി: കാർഷിക മേഖലയിൽ സംരംഭങ്ങളുടെ അനന്തസാധ്യതകൾ കർഷകർക്കും യുവാക്കൾക്കും പകർന്നു നൽകാൻ കാർഷിക മേളയായ വൈഗ 2017 ന് കഴിഞ്ഞതായി നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. കാർഷികോത്പാദന സംസ്ക്കരണം, മൂല്യവർദ്ധനവ് എന്നിവ അടിസ്ഥാനമാക്കി കൃഷി വകുപ്പ് സംഘടിപ്പിച്ച വൈഗ 2017 ന്റെ സമാപന സമ്മേളനം കാർഷിക സർവ്വകലാശാല ആസ്ഥാനത്ത് ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കാർഷിക സംരംഭങ്ങളെക്കുറിച്ചുള്ള അറിവുകളും ലൈസൻസിംഗ് ഉൾപ്പെടെയുള്ള മാനദണ്ഡങ്ങളും ഒരു ഏകജാലക സംവിധാനത്തിലൂടെ കർഷകരിലേക്കും സംരംഭകരിലേക്കും എത്തിക്കുവാനുള്ള ശ്രമം വിജയകരമായി എന്ന് അദ്ദേഹം പ്രശംസിച്ചു. കൃഷിയെ ആശ്രയിച്ച് സധൈര്യം മുന്നോട്ട് പോകുവാനുള്ള സാഹചര്യം സമൂഹത്തിൽ ഏറെക്കുറെ കുറഞ്ഞു വന്നിരുന്നു. കാർഷിക വരുമാനത്തിലുള്ള അസ്ഥിരതയായിരുന്നു ഇതിന് കാരണം. എന്നാൽ ഇതിനെല്ലാമുള്ള പ്രതിവിധിയാണ് ഉത്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനവും എന്ന് വൈഗ ശില്പശാലയിലൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞുവെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു.

കർഷകരെ കാർഷിക സംരംഭകരാക്കി മാറ്റുക എന്നതാണ് വൈഗയുടെ ആത്യന്തിക ലക്ഷ്യമെന്ന് അധ്യക്ഷ പ്രസംഗം നടത്തിയ കൃഷി മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ പറഞ്ഞു. സമാപനത്തോടനുബന്ധിച്ചു നടന്ന വിവിധ പുരസ്കാര വിതരണങ്ങൾ വ്യവസായമന്ത്രി എ സി മൊയ്തീൻ നിർവ്വഹിച്ചു. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത വിവിധ സാങ്കേതിക വിദ്യകളുടെ കൈമാറ്റം സി എൻ ജയദേവൻ എംപി നിർവഹിച്ചു. സർവ്വകലാശാലയുടെ വിവിധ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും വ്യവസായ വകുപ്പ് മന്ത്രി നിർവ്വഹിച്ചു.

ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ ഫാം ഗൈഡ് 2018, ഞാറ്റുവേല കലണ്ടർ എന്നിവയുടെ പ്രകാശനം കൃഷി മന്ത്രി നിർവ്വഹിച്ചു. വൈഗ സ്റ്റാളുകളിൽ വിവിധ വിഭാഗങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയവർക്കുള്ള സമ്മാനദാനം വ്യവസായ വകുപ്പ് മന്ത്രി നിർവ്വഹിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ അജിതാ ജയരാജൻ, കെ രാജൻ എംഎൽഎ, മുരളി പെരുനെല്ലി എംഎൽഎ, ഡെപ്യൂട്ടി മേയർ ബീനാ മുരളി, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐ എസ് ഉമാദേവി, മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് പി എസ് വിനയൻ, വിവിധ കർഷക സംഘടനാ പ്രധിനിധികൾ, കൃഷിവകുപ്പ് ഡയറക്ടർ എ എം സിനിൽകുമാർ എന്നിവർ സംസാരിച്ചു.